**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3687** **02-03-2023 - ൽ മറുപടിയ്ക്ക്**

**അവധി ദിനങ്ങളിൽ സ്വകാര്യ ബസുകൾ സർവീസ് മുടക്കുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതു അവധി ദിനങ്ങളിലും ഞായറാഴ്ചകളിലും യാത്രക്കാർ കുറവാണ് എന്ന ന്യായം പറഞ്ഞ് അവശ്യ സർവീസ് ആയ സ്വകാര്യ ബസുകൾ സർവീസ് മുടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരത്തിൽ സർവീസുകൾ കുറയ്ക്കുന്നതിന് ഏതെങ്കിലും സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നല്കുമ്പോൾ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; ജില്ലതിരിച്ച് വിശദാംശം നൽകുമോ; | (ബി) | അനുമതി നൽകിയിട്ടില്ല. |
| (സി) | ഒരു റൂട്ടിൽ പെർമിറ്റ് എടുത്തതിനുശേഷം ഇത്തരത്തിൽ സർവീസ് മുടക്കുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ആർ.ടി.ഒ. തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ? | (സി) | **ആർ.ടി.ഒ.മൂവാറ്റുപ്പുഴ:-** ഞായഴാറാഴ്ചകളിൽ പൊതുവായി വാഹന പരിശോധന നടത്തുകയും ഇത്തരത്തിൽ ട്രിപ്പ് മുടക്കുന്ന സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്കെതിരെ ഇ-ചലാൻ തയ്യാറാക്കി, ട്രിപ്പ് മുടക്കുന്നതിനുള്ള, പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പരിശോധനകൾ തുടർന്നും നടത്തിവരുന്നുണ്ട്.<br><br>**ആർ.ടി.ഒ.ഇടുക്കി:-** അവധി ദിനങ്ങളിൽ സർവ്വീസ് മുടക്കുന്ന ബസുകൾക്കെതിരെ പെർമിറ്റ് വയലേഷനു ഇ-ചലാൻ തയ്യാറാക്കി പിഴ ഈടാക്കുന്നുണ്ട്.<br><br>**ആർ.ടി.ഒ.കോട്ടയം:-** സർവ്വീസ് മുടക്കുന്നത് പെർമിറ്റ് സംബന്ധിച്ച് പരിശോധന നടത്തിയതിൽ നിന്നും ഇത് സംബന്ധിച്ച നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്മേൽ ആകെ 21 ഇ-ചലാനുകൾ തയാറാക്കുകയും പിഴ ഈടാക്കുകയും ചെയ്യുതോടൊപ്പം പെർമിറ്റ് വ്യവസ്ഥകൾ പാലിച്ച് സർവ്വീസ് നടത്തുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>**ആർ.ടി.ഒ.എറണാകുളം:-** സർവ്വീസ് മുടക്കുന്നത് ശ്രദ്ധയിൽപ്പെട്ട കേസുകളിൽ വാഹനത്തിനെതിരെ ഇ-ചെല്ലാൻ തയ്യാറാക്കുകയും വാഹന ഉടമയിൽ നിന്നും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതേ |

വാഹനങ്ങൾ തുടർന്നും നിയമലംഘനം ആവർത്തിച്ചാൽ അത്തരം കേസുകളിൽ പെർമിറ്റ് സസ്പെൻഷനുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ആർ.ടി.എ.-ക്ക് സമർപ്പിക്കുന്നതാണ്.

**ആർ.ടി.ഒ., തൃശ്ശൂർ:-** ഈ വിഷയത്തിൽ ഞായറാഴ്ചകളിൽ സ്പെഷ്യൽ ഡ്രൈവ് നടത്തുകയും സർവീസ് മുടക്കുന്ന സ്വകാര്യ ബസുകൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി പിഴ നിശ്ചയിച്ച് നൽകിയിട്ടുള്ളതുമാണ്.

**ആർ.ടി.ഒ., പാലക്കാട്:-** പെർമിറ്റ് വയലേഷൻ ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**ആർ.ടി.ഒ., മലപ്പുറം:-** ഇത്തരത്തിൽ സർവീസ് മുടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

**ആർ.ടി.ഒ., കോഴിക്കോട്:-** അവധി ദിവസങ്ങളിൽ കോഴിക്കോട് ആർ.ടി.ഒ.-യും എൻഫോഴ്സ്മെന്റും ചേർന്ന് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 28 സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്കെതിരെ ട്രിപ്പ് കർട്ടെയിൽമെന്റിന് പിഴ ഈടാക്കിയിട്ടുണ്ട്.

**ആർ.ടി.ഒ., വടകര:-** പെർമിറ്റ് വയലേഷൻ ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**ആർ.ടി.ഒ., കണ്ണൂർ:-** സർവ്വീസ് മുടക്കുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**ആർ.ടി.ഒ., കാസർഗോഡ്:-** പരിശോധന നടത്തി വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആർ.ടി.ഒ., വയനാട്:-** സർവീസ് മുടക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആർ.ടി.ഒ., തിരുവനന്തപുരം:-** പെർമിറ്റ് വയലേഷൻ ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**ആർ.ടി.ഒ., ആറ്റിങ്ങൽ:-** പെർമിറ്റ് വയലേഷൻ ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**ആർ.ടി.ഒ., കൊല്ലം:-** പരിശോധന നടത്തി ഇത്തരത്തിൽ കണ്ടെത്തിയ കുറ്റങ്ങൾക്ക് ചെക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**ആർ.ടി.ഒ., പത്തനംതിട്ട:-** ഈ വിഷയവുമായി ബന്ധപ്പെട്ട് പരിശോധന നടത്തിവരുന്നു.

| | | | |
|---|---|---|---|
| | | | **ആർ.ടി.ഒ., ആലപ്പുഴ:-** ശ്രദ്ധയിൽപ്പെട്ടാൽ പെർമിറ്റ് violation -ന് ഇ- ചലാൻ തയ്യാറാക്കി പിഴ ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ